(മുൻലക്കത്തിന്റെ തുടർച്ച)

# വേദാദ്ധ്യയനം



**മണ്ഡലം 1** **സൂക്തം 10**

**മധുഛന്ദാ ഋഷി:। ഇന്ദ്രോദേവതാ। വിരാഡനുഷ്ടുപ്പ് ഛന്ദ:।**
**ഗാന്ധാര: സ്വര:॥**

**ഗായന്തി ത്വാ ഗായത്രിണോർച്ചന്ത്യർക്കമർക്കിണ:।**

**ബ്രഹ്മാണസ്ത്വാ ശതക്രത ഉദ്വംശമിവ യേമിരേ॥ (ഋഗ്വേദം 1.10.1)**

**പദാർഥം :-** അല്ലയോ (ശതക്രതോ) അസംഖ്യം കർമ്മങ്ങളും ഉത്തമജ്ഞാനങ്ങളുമുള്ള പരമേശ്വര! (ബ്രഹ്മാണ:) എങ്ങനെയാണോ വേദങ്ങൾ പഠിച്ച് ഉത്തമോത്തമ ക്രിയകൾ ചെയ്യുന്ന മനുഷ്യർ ശ്രേഷ്ഠ ഉപദേശങ്ങളാലും ഗുണങ്ങളാലും നല്ല പാഠങ്ങളാലും (വംശമ്) തന്റെ വംശത്തെ (ഉദ്യേമിരേ) പ്രശസ്ത ഗുണയുക്തരാക്കി പരിശ്രമികളാക്കുന്നത്, അതേപോലെ (ഗായത്രിണഃ) ആരാണോ 'ഗായത്രം' അഥവാ പ്രശംസ ചെയ്യുന്നതിന് യോഗ്യമായ ഛന്ദരാഗങ്ങൾ തുടങ്ങിയവ പഠിച്ച് ധാർമ്മികനായി ഈശ്വരന്റെ ഉപാസന ചെയ്യുന്നത്, ആ പുരുഷൻ (ത്വാ) അങ്ങയെ (ഗായന്തി) സാമവേദാദിഗാനങ്ങളാൽ പ്രശംസിക്കുന്നു. അതേപോലെ (അർക്കിണഃ) അർക്കൻ അഥവാ നിത്യവും വേദപഠനം നടത്തുന്ന അഭ്യാസി, അയാൾ (അർക്കം) എല്ലാ മനുഷ്യരാലും പൂജിക്കപ്പെടാൻ യോഗ്യനുമായ (ത്വാ) അങ്ങയുടെ (അർചന്തി) നിത്യപൂജ ചെയ്യുന്നു.

**ഭാവാർത്ഥം :** ഈ മന്ത്രത്തിൽ ഉപമാലങ്കാരമാണുള്ളത്. എങ്ങനെയാണോ എല്ലാ മനുഷ്യരും പരമേശ്വരന്റെ പൂജ ചെയ്യേണ്ടത്, അതായത് അദ്ദേഹത്തിന്റെ ആജ്ഞക്കനുകൂലമായ വേദവിദ്യകൾ പഠിച്ച് നല്ല ഗുണങ്ങളോടൊപ്പം തന്റെയും മറ്റുള്ളവരുടെയും വംശത്തെ പുരുഷാർത്ഥി കളാക്കുന്നത്, അതേപോലെ സ്വയം അങ്ങനെ ആവുകയും വേണം. അതേസമയം പരമേശ്വരന് പകരം മറ്റുള്ളവരെ പൂജിക്കുന്ന പുരുഷന്മാർ ഒരിക്കലും ഉത്തമ ഫലപ്രാപ്തിക്ക് യോഗ്യരാവില്ല. എന്തെന്നാൽ ഈശ്വരന്റെ അങ്ങനെയുള്ള ഒരാജ്ഞയോ, അദ്ദേഹത്തിനു തുല്യം പൂജാർഹനായ വേറൊരാളോ ഇല്ല. അതിനാൽ പരമേശ്വരന്റെ തന്നെ ഗാനവും പൂജയും ചെയ്യലാണ് മനുഷ്യർക്കുചിതം.

**(മഹർഷി ദയനാന്ദസരസ്വതിയുടെ ഋഗ്വേദഭാഷ്യത്തിൽ നിന്ന് തർജ്ജമ : കെ. എം.രാജൻ)**

**അഭീമം മഹിമാ ദിവം വിപപ്രോ ബഭൂവ സപ്രഥാഃ (യജുർവേദം 38.17)**
**ഉത്തമനായ വിദ്വാൻ അവിദ്യയെ തിരസ്കരിക്കുന്നു.**





# ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ

## വേദസ്വാദ്ധ്യായ ശിബിരം



**തിരുവനന്തപുരം:** കാറൽമണ്ണ വേദഗുരുകുലത്തിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം പാറശ്ശാല ഭാരതീയ വിദ്യാപീഠം സെൻട്രൽ സ്കൂളിൽ വെച്ച് 2019 നവംബർ 9, 10 തിയ്യതികളിൽ വേദസ്വാദ്ധ്യായ ശിബിരം നടന്നു. കാറൽമണ്ണ വേദഗുരുകുലത്തിലെ ആചാര്യന്മാരായ സർവ്വശ്രീ. ആചാര്യ വാമദേവ് ആര്യ, കെ. കെ ജയൻ, കെ .എം.രാജൻ, കെ. ഗോവിന്ദപ്രസാദ് എന്നിവർ ശിബിരത്തിന് നേതൃത്വം നൽകി. ആര്യസമാജത്തിന്റെ ഒരു വേദപഠന കേന്ദ്രം ഇവിടെ ആരംഭിക്കുകയും ചെയ്തു.

## വേദഗുരുകുലം നാലാം വാർഷികാഘോഷം

കാറൽമണ്ണ വേദഗുരുകുലത്തിന്റെ നാലാം വാർഷികാഘോഷം സ്വാമി ശ്രദ്ധാനന്ദന്റെ രക്തസാക്ഷി ദിനമായ ഡിസംബർ 23ന് വിവിധ പരിപാടികളോടെ ആചരിക്കുന്നു. ഇതോടനുബന്ധിച്ച് ഡിസംബർ 21 മുതൽ 23 വരെ സ്കൂൾ വിദ്യാർത്ഥികൾക്കായുള്ള ഒരു 'ബാലസംസ്കാര ശിബിര'വും നടത്തുന്നുണ്ട്. 'നാടൻപശുപരിപാലനം' എന്ന വിഷയത്തെ അധികരിച്ച് ഒരു ശില്പശാല ഡിസംബർ 25 ന് കാലത്ത് 9 മുതൽ ഉച്ചക്ക് 12 വരെ നടത്തുന്നതാണ്. എല്ലാ വേദബന്ധുക്കളെയും ഈ വാർഷികാഘോഷത്തിലേക്ക് സാദരം ക്ഷണിക്കുന്നു.

**വി. ഗോവിന്ദ ദാസ്, അധ്യക്ഷൻ, വേദഗുരുകുലം**

**യോ അഭ്രജാ വാതജാ യശ്ച ശുഷ്മഃ (അഥർവ്വം 1.12.3)**
**രോഗങ്ങൾ വാത, പിത്ത, കഫദോഷത്താൽ ഉണ്ടാകുന്നു.**



# വേദ പുഷ്പങ്ങൾ

കെ.എം. രാജൻ

**മേ**ധാസൂക്തപുഷ്പാഞ്ജലിയും മറ്റും ചെയ്താൽ ബുദ്ധി വർദ്ധിക്കുമെന്നും പരീക്ഷകളിൽ ഉന്നതം വിജയം നേടുമെന്നുമൊക്കെയുള്ള പ്രചാരങ്ങളിൽ അകപ്പെടുന്ന അജ്ഞരായ നിരവധിപേർ കാശു നൽകി പൂജാരിമാരെയും മറ്റും കൊണ്ട് ഇത്തരം മന്ത്രങ്ങൾ ചൊല്ലിച്ച് ജഡവസ്തുക്കളിൽ അർച്ചന ചെയ്യിക്കാറുണ്ട്. ഈശ്വരന്റെ കർമ്മഫലസിദ്ധാന്തത്തിനു വിരുദ്ധമാണിവ. മേധാസൂക്തം പുഷ്പാഞ്ജലി നടത്തിയ ശേഷം പരീക്ഷയിൽ തോറ്റു പോയാൽ അതിന് ഈശ്വരനെ പഴിക്കുന്നവരും ഉണ്ടാവാം. അതിനാൽ എന്താണ് മേധാസൂക്തമെന്നും അതിന്റെ പ്രാധാന്യത്തെക്കുറിച്ചും ഒന്നു വിശദീകരിക്കാനാണ് ഇത്രയും പറഞ്ഞത്.

ഇനി നമുക്ക് വളരെ വിശിഷ്ടമായ മേധാസൂക്തം അർത്ഥസഹിതം സ്വാദ്ധ്യായം ചെയ്യാം.

**മേധാസൂക്തം**

സദസസ്പതിമിത്യസ്യ മേധാകാമ ഋഷിഃ| ഇന്ദ്രോ ദേവതാ|

ഭുരിഗ്ഗായത്രീ ഛന്ദഃ| ഷഡ്ജഃ സ്വരഃ|

ഓം സദസസ്പതിമദ്ഭുതംപ്രിയമിന്ദ്രസ്യ കാമ്യമ്|

സനിം മേധാമയസിഷങ്ങ് സ്വാഹാ| (യജുർവേദം .32.13)

അന്വയവും ഭാവാർത്ഥവും :- അല്ലയോ മനുഷ്യരെ ഞാൻ (സ്വാഹാ) സത്യക്രിയവഴി അഥവാ വാണി വഴി ഏതൊരു (സദസഃ) സഭ, ജ്ഞാനം, ന്യായം അഥവാ ദണ്ഡം എന്നിവയുടെ (പതിം) രക്ഷകനും (അദ്ഭുതം) ആശ്ചര്യമായ ഗുണകർമ്മ സ്വഭാവമാർന്നവനും (ഇന്ദ്രസ്യ) ഇന്ദ്രിയങ്ങളുടെ

(ശേഷം പേജ് 17ൽ)

**സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)**
**ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !**






# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

**വൈദിക-ദാർശനിക മാസിക**

പുസ്തകം : 9 ലക്കം 06

**സൃഷ്ടി സംവത്സരം 1972949121 കലിവർഷം 5121 വൈദിക സൗരമാസം : സഹസ്യ - തപസ്**
**ചാന്ദ്രമാസം : മാർഗ്ഗശീർഷം - പൗഷം കൊല്ലവർഷം : 1195 ധനു - മകരം 2019 ഡിസംബർ**



**രക്ഷാധികാരി**
സ്വാമി ആശുതോഷ്ജി പരിവ്രാജക്
**പത്രാധിപർ**
കെ.എം. രാജൻ
**ഉപദേശക സമിതി**
ആചാര്യ വാമദേവ് ആര്യ
ടി.ആർ. ബാലചന്ദ്രൻ നായർ
വി. ഗോവിന്ദദാസ്
വ്യവസ്ഥാപകൻ: ശ്രീ.സി.പി മുരളീധരൻ


**താളുകൾ മറിക്കുമ്പോൾ**


| | |
|---|---|
| വേദാദ്ധ്യയനം | 2 |
| മുഖവാണി | 3 |
| ഋഗ്വേദാദി ഭാഷ്യ ഭൂമിക | 5 |
| മനുസ്മൃതി | 6 |
| പുരാണങ്ങൾ : സത്യവും, മിഥ്യയും | 7 |
| ദ്രൗപദിയും പഞ്ചപതികളും | 8 |
| ജീവിതം ഒരലയാഴി | 9 |
| യോഗദർശനം | 10 |
| അഷ്ടാധ്യായി പ്രവേശിക | 11 |
| വ്യവഹാര ഭാനുഃ | 12 |
| വേദങ്ങളെ അറിയുക | 13 |
| അമരബലിദാനി പണ്ഡിറ്റ് ലേഖ്റാം | 14 |
| സൽസന്താനങ്ങളുടെ നിർമ്മാണം | 15 |
| സ്വാമി ശ്രദ്ധാനന്ദ് അനുസ്മരണം | 16 |
| വേദപുഷ്പങ്ങൾ | 18 |



**വിലാസം**
ദായനന്ദ സന്ദേശം, ആര്യസമാജം
പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ
വെള്ളിനേഴി തപാൽ, പാലക്കാട് - 679 504
Ph : 7907077891, 9446017440
Email :dayanandasandesham@gmail.com
Vist Us : www.aryasmajkerala.org.in


# മുഖവാണി

## ആരാണ് ഈശ്വരൻ?

(തുടർച്ച)



**ശാ**ങ്കര മതമനുസരിച്ച് ബ്രഹ്മം മാത്രമേ സത്യമായുള്ളൂ മറ്റെല്ലാം മായയാണ്. 'ബ്രഹ്മം സത്യം - ജഗദ്മിഥ്യ' എന്നതാണ് ഇവരുടെ സിദ്ധാന്തം. ഇന്നു പ്രചാരത്തിലുള്ള മിക്ക ഹൈന്ദവ വിചാരധാരകളും ഇതിനെ മാനിക്കുന്നു. എന്നാൽ വേദങ്ങൾ തങ്ങൾക്ക് പരമപ്രമാണമാണെന്ന് വേദാന്തികൾ (മഹർഷി ദയാനന്ദൻ നവീന വേദാന്തികൾ എന്നാണിവരെക്കുറിച്ചു പറയുന്നത്) പ്രഖ്യാപിക്കുന്നുണ്ടെങ്കിലും ഈ ഏകത്വം (ബ്രഹ്മവും ജീവാത്മാവും ഒന്നാണെന്ന്) വേദങ്ങളിൽ കാണുന്നില്ല എന്നാണ് ശുദ്ധവൈദിക പക്ഷം. മഹർഷി ദയാനന്ദനാണ് ആധുനിക യുഗത്തിൽ ഈ പ്രഖ്യാപനവുമായി ശാസ്ത്രാർത്ഥങ്ങൾ നടത്താൻ പോലും തുനിഞ്ഞത്. വേദങ്ങളും ഉപനിഷത്തുകളും ഈശ്വരൻ, ജീവാത്മാവ്, പ്രകൃതി എന്നീ മൂന്നനാദിതത്ത്വങ്ങളെ മാനിക്കുന്നുണ്ട്.

**അഗ്നിനാഗ്നിഃ സമിദ്ധ്യതെ (സാമം 944)**
**ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു.**

## ഈശ്വരൻ അബ്രഹാമിക് മതങ്ങളിൽ

ജൂതന്മാരുടെയും ക്രിസ്ത്യാനികളുടെയും ദൈവം മനുഷ്യരൂപമുള്ള ഒരു പിതാവാണ്. ഉന്നതനായ മഹാരാജാവിനെപ്പോലെ സ്വർഗ്ഗത്തിലെ സിംഹാസത്തിലിരിക്കുന്നവനാണ്. മാലാഖമാരാലും മറ്റും ചുറ്റപ്പെട്ടു നിൽക്കുന്നവനാണ്. ഉല്പത്തി പുസ്തകം ഒന്നാം അദ്ധ്യായം ഇരുപത്തിയേഴാം വാക്യം നോക്കം

''അങ്ങനെ ദൈവം തന്റെ ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു. ദൈവത്തിന്റെ ഛായയിൽ അവിടുന്ന് അവനെ സൃഷ്ടിച്ചു. സ്ത്രീയും പുരുഷനുമായി അവരെ സൃഷ്ടിച്ചു.'' (ഉല്പത്തി പുസ്തകം 1.27)

ഇതേ പുസ്തകത്തിലെ വേറെയും ഭാഗങ്ങൾ നോക്കാം. ''വെയിലാറിയപ്പോൾ ദൈവമായ കർത്താവ് തോട്ടത്തിൽ ഉലാത്തുന്നതിന്റെ ശബ്ദം അവർ കേട്ടു. പുരുഷനും ഭാര്യയും അവിടുത്തെ മുമ്പിൽ നിന്നുമാറി തോട്ടത്തിലെ മരങ്ങൾ ക്കിടയിലൊളിച്ചു.'' (ഉല്പത്തി പുസ്തകം 3.8)

''മനുഷ്യർ ഭൂമിയിൽ പെരുകാൻ തുടങ്ങുകയും അവർക്ക് പുത്രിമാർ ജനിക്കുകയും ചെയ്തപ്പോൾ മനുഷ്യപുത്രിമാർ അഴകുള്ളവരാണ് എന്നുകണ്ട് ദൈവപുത്രന്മാർ തങ്ങൾക്കിഷ്ടപ്പെട്ടവരെയെല്ലാം ഭാര്യമാരായി സ്വീകരിച്ചു.''

(ഉല്പത്തി പുസ്തകം 6.2)

പുറപ്പാടിന്റെ പുസ്തകം മൂന്നാം അദ്ധ്യായം മൂന്നും നാലും വാക്യങ്ങൾ നോക്കുക. ''അവിടെ ഒരു മുൾപടർപ്പിന്റെ മധ്യത്തിൽ നിന്നു ജ്വലിച്ചുയർന്ന അഗ്നിയിൽ കർത്താവിന്റെ ദൂതൻ അവന് പ്രത്യക്ഷപ്പെട്ടു. അവൻ ഉറ്റു നോക്കി. മുൾപ്പടർപ്പ് കത്തി ജ്വലിക്കുകയാണ്, എങ്കിലും അത് എരിഞ്ഞ് ചാമ്പലായില്ല.''

''അപ്പോൾ മോശ പറഞ്ഞു ഈ മഹാദൃശ്യം ഞാൻ അടുത്തുചെന്ന് ഒന്നു കാണട്ടെ. മുൾപ്പടർപ്പ് എരിഞ്ഞു ചാമ്പാലാവുന്നില്ലല്ലോ'' (പുറപ്പാടിന്റെ പുസ്തകം 3.3)

''അവൻ അത് കാണുന്നതിന് അടുത്ത് ചെല്ലുന്നത് കർത്താവ് കണ്ടു. മുൾപ്പടർപ്പിന്റെ മധ്യത്തിൽ നിന്നു ദൈവം അവനെ വിളിച്ചു മോശേ.......മോശേ... അവൻ വിളികേട്ടു ഇതാ ഞാൻ!'' (പുറപ്പാടിന്റെ പുസ്തകം 3.3)

(തുടരും)

**ഓം നമഃ ശംഭവായ ച മയോഭവായ ച (യജു. 16.41)**
**മംഗളത്തിന്റെയും സുഖത്തിന്റെയും ഉറവിടമായ ഭഗവാനെ! അങ്ങയെ നമസ്കരിക്കുന്നു.**





ധർമ്മവീരനുമായ അദ്ദേഹം തന്റെ പ്രവർത്തനത്തിൽ നിന്നും പിന്നോക്കം പോയില്ല. വളരെക്കാലം മുമ്പ് മുസൽമാൻമാരായിത്തീർന്ന ഒരു ലക്ഷത്തിലധികം മൽക്കാനെ രജ്പുത് വിഭാഗക്കാരെ സ്വാമി ശ്രദ്ധാനന്ദന്റെ പ്രവർത്തനഫലമായി ആര്യധർമ്മത്തിൽ പുനഃപ്രവേശിപ്പിച്ചു. 1926 മാർച്ച് 26ന് അസ്ഗരിബീഗം സ്വേച്ഛാനുസാരം ശുദ്ധിക്രിയ നടത്തി ശാന്തിദേവിയായി തീർന്നതിൽ കുപിതരായ മുസൽമാൻമാർ ശ്രദ്ധാനന്ദനെതിരെ കേസ് കൊടുത്തു. സ്വാമിജിക്കനുകൂലമായ കോടതി വിധി മുസൽമാന്മാരെ കുപിതരാക്കി. 1926 ഡിസംബർ 23ന് അബ്ദുൾ റഷീദ് എന്ന മുസൽമാൻ സ്വാമിജിയുടെ വാസഗൃഹത്തിലെത്തി സ്വാമിജിക്കു നേരെ വെടിവെച്ച് അദ്ദേഹത്തിന്റെ ജീവൻ അപഹരിച്ചു. 1921ൽ കേരളത്തിൽ മാപ്പിളകലാപം നടക്കുന്ന സമയത്ത് ഇങ്ങോട്ട് ഓടിവരാനും വേണ്ടരീതിയിൽ ഇടപെടാനും ശ്രദ്ധാനന്ദൻ കാണിച്ച ധൈര്യവും ആത്മവിശ്വസവും തന്നെയാണ് നമ്മൾ ഓരോരുത്തരും ഉൾക്കൊള്ളേണ്ടത്.

സ്വാമിജിയുടെ രക്തസാക്ഷിദിനം ആചരിക്കുന്ന ഈ അവസരത്തിൽ കൃണ്വന്തോ വിശ്വമാര്യമെന്ന വേദവാണിയെ സാക്ഷാത്കരിക്കാനായി നമുക്ക് കൂട്ടായി പ്രയത്നിക്കാം. □


---

**(വേദപുഷ്പങ്ങൾ പേജ് 18ന്റെ തുടർച്ച.....)**

യജമാനനായ ജീവന്റെ (കാമ്യം) കമനീയമായ (പ്രിയം) പ്രീതിപരമായ വിഷയം പ്രസന്നമാക്കുന്നവനും അഥവാ പ്രസന്നരൂപനുമായ പരമാത്മാവിനെയാണോ ഉപാസിച്ചും സേവിച്ചും അദ്ദേഹത്തിന്റെ സഹായം തേടി (സനിം) സത്യാസത്യത്തെ സമ്യക്കാകും വണ്ണം വിഭജിച്ചു വേർപെടുത്താൻ കഴിവുറ്റ (മേധാം) ഉത്തമ ബുദ്ധിയെ (അയാസിഷം) നേടപ്പെട്ടവനായി ഭവിക്കുന്നത്, ആ ഈശ്വരനെ സേവിച്ച് ഈ ബുദ്ധിയെ നിങ്ങളും നേടുവിൻ. സർവ്വശക്തനായ പരമാത്മാവിനെ സേവിക്കുന്നവർ വിദ്യകളെല്ലാം നേടി ശുദ്ധമായ ബുദ്ധിയാൽ സർവ്വസുഖങ്ങളും നേടുന്നു. മനുഷ്യർ ബുദ്ധി യാചിച്ചു നേടുന്നു.

(തുടരും)

**സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)**
**ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !**



# ഡിസംബർ 23
# സ്വാമി ശ്രദ്ധാനന്ദ് അനുസ്മരണം

അജിത ഗണേഷ്

**പ**ഞ്ചാബ് ആര്യ പ്രതിനിധി സഭയുടെ തലവനായിരുന്ന സ്വാമി ശ്രദ്ധാനന്ദ്, ആര്യസമാജപ്രവർത്തനങ്ങളിൽ വിശേഷസേവനങ്ങൾ ചെയ്തുകൊണ്ടിരിക്കെ രക്തസാക്ഷി ആയ വ്യക്തിയാണ്. മുൻഷിറാം എന്ന പൂർവ്വ നാമത്തിലറിയപ്പെട്ടിരുന്ന അദ്ദേഹം 1917ൽ ആണ് സ്വാമി ശ്രദ്ധാനന്ദ് സ്വരസ്വതിയായത്. ഹിന്ദു പരിഷ്കരണ പ്രസ്ഥാനങ്ങളുടെയും ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെയും സജീവ അംഗമായി. ജാലിയൻ വാലാബാഗ് കൂട്ടക്കൊലയെ തുടർന്ന് 1919ൽ അമൃത്സറിൽ കോൺഗ്രസിന്റെ ഒരു സമ്മേളനം നടത്താൻ തീരുമാനിച്ചു. കോൺഗ്രസ് കമ്മിറ്റിയിലെ ആരും ഇതിനു തയ്യാറാവത്ത സാഹചര്യത്തിൽ ശ്രദ്ധാനന്ദ് അതിന്റെ അധ്യക്ഷനായി. 1920കളുടെ തുടക്കത്തിൽ ഹിന്ദുസംഘടനാ പ്രസ്ഥാനങ്ങളിലെ ഒരു പ്രധാന ശക്തിയായി. 1923ന്റെ അവസാനത്തോടെ ഭാരതീയ ഹിന്ദു ശുദ്ധി സഭയുടെ പ്രസിഡന്റായി.

ദയാനന്ദ സരസ്വതി പ്രഭാഷണത്തിനായി ബറേലി സന്ദർശിച്ചപ്പോളാണ് മുൻഷിറാം അദ്ദേഹത്തെ കണ്ടുമുട്ടുന്നത്. ദയാനന്ദന്റെ ധൈര്യം, കഴിവ്, ശക്തമായ വ്യക്തിത്വം എന്നിവ അദ്ദേഹത്തെ സ്വാധീനിച്ചു. തന്റെ വക്കീൽജോലി ഉപേക്ഷിച്ച് ആര്യസമാജ പ്രചാരകനായി. ദയനാന്ദന്റെ നിർദ്ദേശാനുസരണം ഗുരുകുലം തുടങ്ങാൻ തീരുമാനിച്ചു. തന്റെ തനമനധനാദികൾ അദ്ദേഹം ഇതിനായി മാറ്റിവെച്ചു. 1902ൽ ഹരിദ്വാറിനടുത്തുള്ള കാംഗ്ഡിയിൽ ഗുരുകുലം സ്ഥാപിച്ചു. ഇപ്പോൾ അതൊരു ആദർശ സർവ്വകലാശാലയായി അറിയപ്പെടുന്നു. ജന്മനാലുള്ള ജാതിവ്യവസ്ഥ, അയിത്തം, ബാലവിവാഹം, മദ്യപാനം തുടങ്ങിയ അനാചാരങ്ങളെ ഇല്ലാതാക്കുന്നതിനായി ശ്രമിച്ചവരിൽ അഗ്രഗണ്യനാണ് സ്വാമി ശ്രദ്ധാനന്ദ്. നിർഭയതയുടെയും സാഹസത്തിന്റെയും മൂർത്തിമദ്ഭാവമായിരുന്നു അദ്ദേഹം.

ശുദ്ധിപ്രചാരണത്തിൽ വൻമുന്നേറ്റം നടത്തിയ സ്വാമി ശ്രദ്ധാനന്ദന്റെ പ്രവർത്തനങ്ങളിൽ മതഭ്രാന്തരായ മുസ്ലീങ്ങൾ രോഷാകുലരായി സ്വാമിജിയെ വധിക്കാൻ ഗൂഢാലോചന തുടങ്ങി. ശുദ്ധിപ്രവർത്തനങ്ങളിൽ നിന്നും പിന്മാറണമെന്ന് ആവശ്യപ്പെട്ടിട്ടുള്ള നിരവധി ഭീഷണിക്കത്തുകൾ അദ്ദേഹത്തിന് കിട്ടിയിരുന്നു. ഒപ്പം വധഭീഷണിയും ഉണ്ടായിരുന്നു. എങ്കിലും നിർഭയനും

**പാവകവർണ്ണഃ ശുചയോ വിപശ്ചിതഃ (യജു. 33. 81).**
**വിദ്വാൻ അഗ്നി തുല്യ തേജസ്വിയും പവിത്രവുമാണ്.**





(മുൻലക്കത്തിന്റെ തുടർച്ച)

# ഋഗ്വേദാദി ഭാഷ്യഭൂമിക

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ : കെ. എം. രാജൻ

## അദ്ധ്യായം : 4 വേദവിഷയവിചാരഃ

**ത**സ്യവാചകഃപ്രണവഃ [യോഗശാസ്ത്രേ അ.1 (അധ്യായസ്യാത്ര നിർദേശോ വ്യർത്ഥഃ, തത്ര പാദചതുഷ്ടയാനാമേവ സദ്ഭാവാത്) സൂത്രം 27]
ഓം ഖം ബ്രഹ്മ| (യജുർവേദം - അധ്യായം - 40 മന്ത്രം 17)
ഓമിതി ബ്രഹ്മ| (തൈത്തീരിയാരണ്യകേ - പ്ര.7, അനു.8)
തത്രപരാ ഋഗ്വേദോ യജുർവേദഃ സാമവേദോ$f$ഥർവവേദഃ ശിക്ഷാ കല്പ്പോവ്യാകരണം നിരുക്തം ഛന്ദോ ജ്യോതിഷമിതി| അഥ പരാ യയാ തദക്ഷര മധിഗമ്യതേ||1||
(ഉപനിഷദി 'യത്തദദ്രേശ്യ'.... ഇത്യേവം പാഠ:, അർഥസ്തു സ ഏവ)
യത്തദദൃശ്യമഗ്രഹ്യാമഗോത്രവർണമചക്ഷുഃ ശ്രോത്രം തദപാണിപാദം നിത്യം



...ം സുസൂക്ഷ്മം തദവ്യയം യദ് ഭൂതയോനിം (ഉപനിഷദി 'തദ് ...ഇത്യേവം പാഠ ഉപലഭ്യതേ) പരിപശ്യന്തി ധീരാഃ||2 ||(അസ്യ ... കൃതമ്) മുണ്ഡകേ 1, ഖണ്ഡേ 1, മ. 5–6)
...(സർവേ വേദാഃ) യത്പരമം പദം മോക്ഷാഖ്യം പരബ്രഹ്മ പ്രാപ്തി ലക്ഷണം സർവ്വാനന്ദമയം സർവദുഃഖേതരദസ്തി, തദേവൗങ്കാര വാച്യമസ്തി| (തസ്യ) തസ്യേശ്വരസ്യ പ്രണവ ഓംകാരോ വാചകോ$f$സ്തി, വാച്യശ്ചേശ്വരഃ| (ഓം) ഓമിതി പരമേശ്വരസ്യ നാമാസ്തി| തദേവ പരം ബ്രഹ്മ സർവേ വേദാ ആമനന്തി ആസമന്താദഭ്യസ്യന്തി, മുഖ്യതയാ പ്രതിപാദയന്തി| (തപാംസി) സത്യ ധർമ്മാനുഷ്ഠാനാനി തപാംസ്യപി തദഭ്യാസപരാണ്യേവ സന്തി| (യദിച്ഛന്തോ) ബ്രഹ്മചര്യഗ്രഹണമുപലക്ഷണാർത്ഥം, ബ്രഹ്മചര്യഗൃഹസ്ഥവാനപ്രസ്ഥസംന്യാസാശ്രമാചരണാനി, സർവ്വാണി തദേവാമനന്തി, ബ്രഹ്മപ്രാപ്ത്യഭ്യാസപരാണി സന്തി| യദ് ബ്രഹ്മേച്ഛന്തോ വിദ്വാംസസ്തസ്മിന്നധ്യാസമാനാ വദന്ത്യുപദിശന്തി ച| ഹേ നചികേതഃ! അഹം യമോ യദീദൃശം പദമസ്തി തദേതത്തേ തുഭ്യം സംഗ്രഹേണ സംക്ഷേപേണ ബ്രവീമി|

(തുടരും)

***വിപ്രാ അമൃതാ ഋതജ്ഞാഃ (യജുർവേദം 9.18)***
***വിപ്രൻ സത്യവ്രതനും അമരനുമാകുന്നു***

(മുൻലക്കത്തിന്റെ തുടർച്ച)



# മനുസ്മൃതി

ഡോ. സുരേന്ദ്രകുമാർ
തർജ്ജമ : കെ.എം. രാജൻ

**വേ**ദമാണ് ധർമ്മ ജിജ്ഞാസക്കുള്ള പരമപ്രമാണമെന്ന് അംഗീകരിക്കപ്പെട്ടിരിക്കുന്നു

**ധർമ്മ ജിജ്ഞാസാമാനാനാം പ്രമാണം പരമം ശ്രുതിഃ|**

(മനസ്മൃതി 2.13)

അർത്ഥം : ധർമ്മത്തിൽ ജിജ്ഞാസയുള്ളവർക്ക് വേദം മാത്രമാണ് പരമപ്രമാണം അതിൽ നിന്ന് ധർമ്മം, അധർമ്മം എന്നിവ നിശ്ചയിച്ചാലും. വേദങ്ങളോട് മനുവിന് ആഴത്തിലുള്ള ശ്രദ്ധാഭാവനയുണ്ടായിരുന്നു. വേദങ്ങളെ അപൗരുഷേയമായാണ് അദ്ദേഹം കരുതിയിരുന്നത് [വിധാനസ്യ സ്വയംഭുവഃ അചിന്തസ്യാപ്രമേയസ്യ (മനുസ്മൃതി1.3)] എന്തെന്നാൽ വേദജ്ഞാനം അപൗരുഷേയമാതിനാൽ ആശയക്കുഴപ്പമില്ലാത്ത ജ്ഞാനമാണ്. ധർമ്മത്തിന്റെ അടിസ്ഥാനവും പരമപ്രമാണവുമാണ്. അതിനാൽ അതിനെ കുതർക്കത്താൽ ഖണ്ഡിക്കാനാവില്ല. കുതർക്കാദികളുടെ ആശ്രയത്തോടെ വേദജ്ഞാനത്തെ ഖണ്ഡിക്കുകയും അപമാനിക്കുകയും നിന്ദിക്കുകയും ചെയ്യുന്നവനെ 'നാസ്തികൻ' എന്നിങ്ങനെയുള്ള തിരസ്കാരപൂർണ്ണമായ ശബ്ദത്താൽ അദ്ദേഹം (മനു) സംബോധന ചെയ്യുന്നു.

തേ സർവാർത്ഥേഷ്വ മീമാംസ്യേ താഭ്യം ധർമോ ഹി നിർബഭൗ|

യോഽവമന്യേത തേ മൂലേ ഹേതുശാസ്ത്രാശ്രയാദ് ദ്വിജഃ|

സ സാധുഭിർബഹിഷ്കാര്യോ നാസ്തികോ വേദനിന്ദകഃ|

(മനുസ്മൃതി 2.10.11)

(തുടരും)

**ഈശാവാസ്യമിദം സർവ്വം (യജു. 40.1)**
**ഈ ജഗത്ത് മുഴുവൻ ഈശ്വരമയമാണ്.**







# സൽസന്താനങ്ങളുടെ നിർമ്മാണം

അജിത ഗണേഷ്

**ആമുഖം**

**സ**ത്യാർത്ഥപ്രകാശം രണ്ടാം സമുല്ലാസത്തെ അധികരിച്ച് ഉത്തമ സന്താനസൃഷ്ടി എങ്ങനെയാവണം എന്ന വിഷയത്തെക്കുറിച്ചുള്ള ഒരു പഠനമാണ് ലേഖനം. (പത്രാധിപർ)

സൽസന്താനങ്ങളുടെ സൃഷ്ടിയ്ക്ക് മാതാപിതാക്കൾക്കുള്ള പങ്ക് ആർഷശാസ്ത്രങ്ങളിൽ വളരെ പ്രാധാന്യത്തോടെയാണ് പറഞ്ഞിരിക്കുന്നത്. സത്യാർത്ഥപ്രകാശം രണ്ടാം സമുല്ലാസം ആരംഭിക്കുന്നത് 'മാതൃമാൻ പിതൃമാൻ ആചാര്യവാൻ പുരുഷോ വേദ' എന്ന ശതപഥ ബ്രാഹ്മണ വചനത്തോടെയാണ്. മാതൃമാൻ എന്നതിന്റെ നേരിട്ടുള്ള അർത്ഥം അമ്മയുള്ളവൻ എന്നാണ്. പ്രശസ്താ ധാർമ്മികീ വിദുഷീമാതാ വിദ്യതെയസ്യ സ മാതൃമാൻ എന്നും വിശേഷിപ്പിക്കാറുണ്ട്. മാതാവ്, പിതാവ്, ആചാര്യൻ എന്നീ മൂന്ന് ഉത്തമ അധ്യാപകരെ ലഭിച്ചവർ മാത്രമേ ജ്ഞാനിയാകൂ... ധർമ്മിഷ്ഠരും വിദ്യാസമ്പന്നരുമായ മാതാപിതാക്കൾ ഉള്ളവർ ഭാഗ്യവാനാണ്. ആ കുലം മാത്രമാണ് ധന്യമായിട്ടുള്ളത്. നമ്മുടെ ആദർശപുരുഷന്മാരായ ശ്രീരാമൻ, ശ്രീകൃഷ്ണൻ, പ്രദ്യുമ്നനൻ എന്നിവരും വനിതാ രത്നങ്ങളായ സീതാദേവി സാവിത്രി എന്നിവരും ആധുനിക ഭാരതത്തിലെ വീരപുരുഷന്മാരായ ശങ്കരചാര്യർ, ഛത്രപതി, ശിവജി, റാണാപ്രതാപ്, മഹർഷി ദയാനന്ദസരസ്വതി തുടങ്ങിയ മഹാപുരുഷന്മാരും ജന്മം എടുത്തത് ഒരുപാട് തപസ്യകളുടെയും അനുഷ്ഠാനങ്ങളുടെയും ഫലമായിട്ടായിരുന്നു.

ഒരു ഉത്തമ സന്താനത്തിന്റെ സൃഷ്ടി യഥാർത്ഥത്തിൽ വിവാഹ വേളയിൽനിന്നാരാംഭിക്കുന്നു. വൈദിക വിവാഹചടങ്ങുകളിലെ ഒരോ വിധിയും മന്ത്രങ്ങളും അർത്ഥവും പരിശോധിച്ചാൽ അതിലുൾക്കൊള്ളിച്ചിട്ടുള്ള പ്രജനനശാസ്ത്രത്തിന്റെ സൂക്ഷ്മവശങ്ങൾ മനസ്സിലാക്കാൻ കഴിയും. പാണീഗ്രഹണമന്ത്രം ഒന്നു പരിശോധിച്ചാൽ തന്നെ അത് വ്യക്തമാവും.

(തുടരും)

**സർവ്വ തദ് ഹന്മി ജനിമ ക്രമീണാമ് (അഥർവ്വം 2.31.5)**
**ഞാൻ കൃമികളെ ജന്മസ്ഥാനത്തു തന്നെ നശിപ്പിക്കും.**

(മുൻലക്കത്തിന്റെ തുടർച്ച)

## ആര്യവീർദളം - ബാലപംക്തി

ആര്യവീരഗാഥ - 2



# അമരബലിദാനി പണ്ഡിറ്റ് ലേഖ്റാം

കെ. എം. രാജൻ

**കു**റച്ചു സമയത്തിനു ശേഷം ലാലാജീവൻദാസും പുറത്തുനിന്ന് മടങ്ങിയെത്തിയപ്പോൾ വളരെ ഹൃദയഭേദകമായ ആ ദൃശ്യം കണ്ടു. കട്ടിലിൽ കിടക്കുന്ന ലേഖ്റാമിന്റെ ശരീരത്തിൽനിന്നും രക്തം ധാരയായിയൊഴുകിക്കൊണ്ടിരിക്കുകയായിരുന്നു. വൃദ്ധനായ ജീവൻദാസ് ഭയന്നുപോയി വേറെയും ആളുകൾ ഓടിക്കൂടി. എന്നാലും ആര്യപഥികന്റെ മുഖത്ത് ഒരു ഭാവവ്യത്യാസവും കണ്ടില്ല. ചോദിക്കുന്നവരോടൊക്കെ അദ്ദേഹം പറഞ്ഞത് ഇതായിരുന്നു. ''ശുദ്ധിസംസ്ക്കാരം നടത്തണമെന്നു പറഞ്ഞു വന്ന ആ ദുഷ്ടൻ എന്നെ ആക്രമിച്ചു. ഡോക്ടറെ പെട്ടെന്ന് വിളിക്കൂ...'' എല്ലായിടത്തും വാർത്ത പരന്നു. ഡോക്ടർമാരും അവരുടെ വിദ്യാർത്ഥികളും എത്തിച്ചേർന്നു. കട്ടിലിൽ കിടത്തിക്കൊണ്ടുതന്നെ ലേഖ്റാമിനെ ആശുപത്രിയിൽ കൊണ്ടുപോയി.

സ്വാമി ശ്രദ്ധാനന്ദനെഴുതുന്നു. ''ഞാൻ ആ ദിവസം വൈകുന്നേരം നാലിനുള്ള വണ്ടിയിൽ ആകസ്മികമായി ലാഹോറിൽ എത്തി. വിവരമറിഞ്ഞയുടനെ ധർമ്മവീരന്റെ നിവാസസ്ഥാനത്തേക്ക് പോയി. വഴിയുടെ തുടക്കത്തിൽ തന്നെ 'രക്തസാക്ഷിയാത്ര' വരുന്നതു കണ്ടു. ഞാൻ സ്തബ്ധനായി നിന്നുപോയി. ആശുപത്രിയിലെത്തിയയുടൻ ആര്യവീരനെ ഒരു മേശമേൽ കിടത്തി. ദുഃഖം നിറഞ്ഞ മനസ്സുമായി ഞാൻ മുന്നോട്ടു ചെന്നു. അപ്പോൾ ലേഖ്റാമിന്റെ കുടൽമാലയും മറ്റും ഡോക്ടറുടെ കയ്യിലായിരുന്നു. എന്നെക്കണ്ടപ്പോൾ ലേഖ്റാം ശിരസ്സിന്റെ താഴെ നിന്ന് ഇരുകൈകളും ഉയർത്തി. കണ്ണുനീർ പൊഴിച്ചുകൊണ്ടിരുന്ന എന്നെ നോക്കി അദ്ദേഹം പറഞ്ഞു ''നമസ്തേ ലാലാജി.... അങ്ങും എത്തിയോ?'' ഈ സാധാരണമായ ദൃശ്യം (യാതൊരു അങ്കലാപ്പുമില്ലാത്ത) എന്റെ ഹൃദയത്തെ പിടിച്ചുലച്ചു. കുടൽമാലയിലേക്ക് ദൃഷ്ടിപതിപ്പിച്ചപ്പോൾ എന്റെ പ്രിയമിത്രം ലേഖ്റാമുമായാണ് ഞാൻ സംസാരിക്കുന്നത് എന്ന് എനിക്ക് വിശ്വസിക്കാനായില്ല. സിംലയിലെ വാർഷികോത്സവം കഴിഞ്ഞ് എന്നോട് നമസ്തെ പറഞ്ഞ ദൃശ്യം പോലെ എനിക്കു തോന്നി.'' (തുടരും)

**സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)**
**ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !**





(മുൻ ലക്കത്തിന്റെ തുടർച്ച)



# പുരാണങ്ങൾ ; സത്യവും മിഥ്യയും

കെ. എം. രാജൻ

**അദ്ധ്യായം 3 — പൗരാണിക ആഖ്യാനങ്ങളുടെ അനുക്രമണിക**

**16 മത്സ്യപുരാണം (291 അദ്ധ്യായങ്ങൾ)**

1 പ്രളയകാലവും മനു-മത്സ്യ സംവാദവും, 2. ദക്ഷയജ്ഞവിധ്വംസനം, 3. ശ്രീകൃഷ്ണചരിതം, 4. വ്യാസജൈമിനി (പൂർവഭാഗം).

**17. ഗരുഡപുരാണം (പൂർവ്വഖണ്ഡം 221 അദ്ധ്യായങ്ങൾ, ഉത്തരഖണ്ഡം 35 അദ്ധ്യായങ്ങൾ)**

1. ശ്രീകൃഷ്ണലീല (അദ്ധ്യായം 144), 2. ദശാവതാരകഥകൾ, 3. ദക്ഷന്റെ ഉല്പ്പത്തി, 4. സതിയുടെ ഉല്പ്പത്തി.

**18. ബ്രഹ്മാണ്ഡപുരാണം (109 അദ്ധ്യായങ്ങൾ)**

1. കൃഷ്ണലീല, 2.രാമായണകഥ 3. പരശുരാമകഥ (21, 27 അദ്ധ്യായങ്ങൾ), 4. ഗംഗാവതാരണ കഥ (അദ്ധ്യായം 47, 57), 5. ഭണ്ഡാസുരവധകഥ, 6. ലളിതാദേവി ഉപാഖ്യാനം.

എല്ലാ പുരാണങ്ങളിലും ഇത്തരം കഥകൾക്ക് പുറമെ അനേകം സംവാദങ്ങൾ തീർത്ഥാടന കേന്ദ്രങ്ങൾ, ദേവതകൾ, നദികൾ, പർവ്വതങ്ങൾ, തുടങ്ങിയവയുടെ മാഹാത്മ്യം, ദേവതാസ്തോത്രങ്ങൾ, അനേകം ശാസ്ത്രങ്ങളുടെ ഉപദേശങ്ങൾ, സൃഷ്ടി, ഉല്പ്പത്തി, പ്രളയം തുടങ്ങിയ വിഷയങ്ങളുടെ പ്രതിപാദനം എന്നിവ തങ്ങളുടെ വിശിഷ്ടശൈലിയിൽ ചെയ്തിട്ടുണ്ട്.

പുരാണങ്ങളുടെ ഒരു സംക്ഷിപ്ത വിവരണം പറഞ്ഞു കഴിഞ്ഞു. 18പുരാണങ്ങളുടെയും ചെറിയ വിവരണങ്ങളും അതിനുശേഷം പൗരാണിക ആഖ്യാനങ്ങളുടെ ഒരു അനുക്രമണികയും എഴുതി. ഉപപുരാണങ്ങളും 18 ആണ് എന്ന് പറയപ്പെടുന്നു. എന്നാൽ 30 ലധികം ഉപപുരാണങ്ങൾ ഉള്ളതായി വിശ്വസിക്കപ്പെടുന്നു. ഇവയിൽ പലതും വളരെ നവീനങ്ങളാണെങ്കിലും വ്യാസന്റെ പേരിലാണ് പ്രചരിക്കപ്പെടുന്നത്.

മഹാഭാരതകാലശേഷം വേദാദി സത്യശാസ്ത്രങ്ങളുടെ പഠനവും പാഠനവും നിലച്ചുപോയി. ഗുരുകുലങ്ങൾ അപ്പോഴും ഉണ്ടായിരുന്നുവെങ്കിലും അവിടുത്തെ പഠന-പാഠനവിധികൾക്ക് അപചയം നേരിട്ടു. നവീനങ്ങളായ പല സമ്പ്രദായങ്ങളും രൂപംകാണ്ട് സംസ്കൃത ശ്ലോകങ്ങൾ ആരുണ്ടാക്കി പ്രചരിപ്പിച്ചാലും അതെല്ലാം ആധികാരികളാണെന്ന ധാരണ പരന്നു.

(തുടരും)

***മാ സ്രോധത (ഋഗ്വേദം 6.32.9)***
***ഹിംസ ചെയ്യാതിരിക്കൂ.***

(മുൻ ലക്കത്തിന്റെ തുടർച്ച)



# ദ്രൗപദിയും പഞ്ചപതികളും

അമർസ്വാമി സരസ്വതി
തർജ്ജമ : കെ. എം. രാജൻ

4. **മ**നഃശാസ്ത്രത്തിന്റെ ആഴങ്ങളിലേക്ക് പോയില്ലെങ്കിലും സാമാന്യബുദ്ധിയുള്ള ഒരാൾക്ക് ചിന്തിക്കാവുന്നത് ഈ സ്ഥിതിയിൽ ആ അമ്മക്ക് തന്റെ രണ്ടുമക്കളെ കാണാത്ത കാര്യം ചോദിക്കാതിരിക്കാനാവില്ല എന്നാണ്.

5. ഇനി അമ്മ ചോദിച്ചിരുന്നുവെങ്കിൽ യുധിഷ്ഠിരൻ, നകുലൻ, സഹദേവൻ എന്നിവർ സ്വയംവര സഭയിൽ ഉണ്ടായ സഫലതയുടെ കാര്യം അമ്മയോട് പറയാതിരിക്കുമോ? ഭീമനും അർജ്ജുനനും സ്വയംവരസഭയിൽ തന്നെ ഉണ്ടായിരുന്നുവെന്നും അവർ ഉടൻ തിരിച്ചെത്തുന്നതാണ് എന്നും തീർച്ചയായും പറയാതിരിക്കുമായിരുന്നില്ല.

6. അമ്മ എന്തെങ്കിലും ചോദിക്കുന്നതിനു മുമ്പ് തന്നെ ഈ പുത്രന്മാർ വളരെ സന്തോഷത്തോടെ തങ്ങൾക്ക് കിട്ടിയ നേട്ടത്തെക്കുറിച്ച് അവരോട് പറയാതിരിക്കില്ല എന്ന് സാമാന്യബുദ്ധിയുള്ള ആർക്കും മനസ്സിലാവും. ഈ സ്ഥിതിയിൽ കുന്തിയുടെ ഭിക്ഷ എന്ന ആശയക്കുഴപ്പം അസ്വാഭാവികവും പ്രകരണത്തിന് നിരക്കുന്നതുമല്ല. ഇതിൽ നിന്ന് സ്പഷ്ടമാവുന്നത് എന്താണെന്ന് നോക്കാം. കുന്തിയുടെ പേരിൽ ഇത്തരത്തിലുള്ള മിഥ്യാവചനം ഉണ്ടാക്കിയതാണ്. ഒരു കാര്യം കൂടി ചിന്തനീയമാണ്. സ്വയം വരത്തിന്റെ മത്സരം അവസാനിച്ചു എന്ന് ദൗപദിയുടെ സഹോദരൻ ധൃഷ്ടദ്യുമ്നൻ സഭയിൽ തന്നെ പറയുകയുണ്ടായി. ലക്ഷ്യവേധം നടത്തി ഉടൻ തന്നെ ദൗപ്രദിയുടെ വിവാഹം അർജ്ജുനനുമായി നടന്നിട്ടില്ല. അപ്പോൾ ആ അവസ്ഥയിൽ വിവാഹം കഴിക്കുന്നതിനു മുമ്പ് തന്നെ ദ്രുപദൻ അർജ്ജുനനൊപ്പം ദ്രൗപദിയെ എങ്ങനെ പറഞ്ഞയക്കും.? താഴെ കൊടുക്കുന്ന തുടർ ഭാഗങ്ങൾ കൂടി നോക്കിയാലും

തതോ *f* സ്വവേശ്മാഗ്ര്യ ജനോപശോഭിതം
വിസ്തീർസപദ്മോത്പലഭൂഷിതാജിരം।
ബലൗധരത്രൗധവിചിത്ര ഭാബഭൗ
നഭോ യഥാ നിർമലതാരകാന്വിതം ॥

(തുടരും)

**യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)**
**ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ**





(മുൻ ലക്കത്തിന്റെ തുടർച്ച)

# വേദങ്ങളെ അറിയുക

ഡോ .വിവേക് ആര്യ,
തർജ്ജമ: കെ.എം. രാജൻ

## അദ്ധ്യായം-3 വേദങ്ങളിൽ സ്ത്രീ

**ഇ**പ്രകാരം യജുർവേദം 14.2ൽ സ്ത്രീക്ക് ഉപദേശം നൽകുന്നുണ്ട് 'ഇമ, ബ്രഹ്മാ പീപിഹി' അതായത് സൗഭാഗ്യപ്രാപ്തിക്കായി വേദമന്ത്രങ്ങളുടെ അമൃതിനെ വീണ്ടും വീണ്ടും നന്നായി പാനം ചെയ്താലും എന്ന്.

ഋഗ്വേദം 1.1.5ൽ സ്വാമി ദയാനന്ദൻ എഴുതുന്നു ''24 വർഷപര്യന്തം ബ്രഹ്മചര്യപൂർവ്വം അംഗ ഉപാംഗ സഹിതം വേദവിദ്യയെ പഠിക്കുന്നവർ മനുഷ്യവംശത്തിൽ സുശോഭിക്കുന്നവരായിത്തീരുന്നു.''

യജുർവേദം 14.14.ന്റെ ഭാഷ്യത്തിൽ സ്വാമി ദയാന്ദൻ എഴുതുന്നു. ''മനുഷ്യർ ഈ സൃഷ്ടിയിൽ കുമാരന്മാരെയും കുമാരിമാരെയും ബ്രഹ്മചര്യാദികളാൽ ദ്വിജന്മാരാക്കുന്നുവെങ്കിൽ അവർ വളരെ പെട്ടെന്ന് പണ്ഡിതന്മാരായിത്തീരുന്നു.''

ഋഗ്വേദം 1.71.21ന്റെ ഭാഷ്യത്തിൽ സ്വാമിജി എഴുതുന്നു. ''എപ്രകാരമാണോ വൈശ്യർ ധർമ്മധാരണം ചെയ്യുന്നത്, അതേപോലെ കന്യകമാർ വിവാഹത്തിനു മുമ്പ് ശുഭബ്രഹ്മചര്യവ്രതം ധാരണം ചെയ്ത് വിദുഷികളായ അധ്യാപികമാരെ നേടി സുശിക്ഷയും (വേദ) വിദ്യയും നേടി വിവാഹിതരാവട്ടെ.''

ഋഗ്വേദം 1.119.5 ന്റെ ഭാഷ്യത്തിൽ മഹർഷി ദയാനന്ദൻ എഴുതുന്നു. ''എങ്ങനെയാണോ ബ്രഹ്മചര്യത്തോടെ യൗവ്വനാവസ്ഥയെ പ്രാപിച്ച വിദുഷിയും കുമാരിയുമായ കന്യക തന്റെ ഭർത്താവിനെ നേടുന്നത്, അതേപോലെ ബ്രഹ്മചര്യം പാലിച്ച യുവാവായ പുരുഷൻ തന്റെ ഇഷ്ടത്തിനിണങ്ങിയ സ്ത്രീയെ നേടി ആനന്ദിതനായിത്തീരുന്നു. സഭയും സേനാപതിയും അങ്ങനെത്തന്നെ യായിത്തീരുന്നു.'' ഇതേ ആശയം ഋഗ്വേദം 5.32.11 ലും കാണുന്നുണ്ട്. മഹാഭാരതം ആദിപർവ്വം 131.10ൽ സ്പഷ്ട രൂപത്തിൽ പറയുന്നു. ''ആരിലാണോ ധനം സമാനമായിരിക്കുന്നത്, വേദശാസ്ത്രവിഷയജ്ഞാനം സമാനമായിരിക്കുന്നത് അവരുമായി മിത്രതയും വിവാഹാദികളും ആകാവുന്നതാണ്. ബലവാനും നിർബലനുമായ വ്യക്തികൾ ആവരുത്''.

(തുടരും)

**ധർമ്മം ചര (തൈ. ഉ. 1.11.1)**
**ധർമ്മാചരണം ചെയ്യൂ !**



(മുൻലക്കത്തിന്റെ തുടർച്ച)

# വ്യവഹാര ഭാനുഃ

മഹർഷി ദയാനന്ദസരസ്വതി

തർജ്ജമ : കെ. എം. രാജൻ

**സ**ത്യത്തിനപ്പുറം ഒരു ധർമ്മവുമില്ല, അസത്യത്തിനുപരി അധർമ്മവും ഇല്ല. അതിനാൽ മനുഷ്യർ സത്യത്തെ ആശ്രയിക്കുകയും അസത്യത്തെ ആശ്രയിക്കാതിരിക്കുകയും ചെയ്യണം.

**ദൃഷ്ടാന്തം**

അധർമ്മി ആയ ഒരാൾ അധർമ്മിയായ ഒരു വ്യാപാരിയുടെ അടുത്ത് ചെന്ന് ഒരു വസ്ത്രത്തിന്റെ വില ചോദിച്ചു. പതിനാറണയാണ് വിലയെന്ന് വ്യാപാരി പറഞ്ഞു. നിനക്ക് എന്തു നൽകാൻ പറ്റും എന്നും വ്യാപാരി അയാളോട് ചോദിച്ചു. കച്ചവടക്കാരനും തുണിവാങ്ങാൻ വന്നവനും അതിന് പത്തണയിൽ കൂടുതൽ വില വരില്ല എന്നറിയാം. എന്നാൽ അധർമ്മികൾ കള്ളം പറയുന്നതിൽ ഒരിക്കലും പിന്നോക്കം പോവില്ല. അവർ തമ്മിലുള്ള തുടർ സംഭാഷണങ്ങൾ നോക്കാം.

**തുണിവാങ്ങാൻ വന്നയാൾ:** ''ആറണക്ക് തരണം. യഥാർത്ഥ വിലയേ പറയാവൂ.''

**കച്ചവടക്കാരൻ** : ''ശരി! രണ്ടണ കുറച്ച് തരാം. പതിനാലണ തന്നാൽ മതി.''

**തുണി വാങ്ങാൻ വന്ന വ്യക്തി** : ''കൂടുതലാണ്. എങ്കിലും ഏഴണ തരാം.''

**കച്ചവടക്കാരൻ** : ''ശരി, ഞാനുള്ള കാര്യം പറയട്ടെ?''

**തുണിവാങ്ങാൻ വന്ന വ്യക്തി** : ''ശരി.''

**കച്ചവടക്കാരൻ** : ''ഒരണകൂടി കുറയ്ക്കാം. പതിമൂന്നണ തന്നാൽ മതി. നിങ്ങൾക്ക് വേണമെങ്കിൽ വാങ്ങാം.''

**തുണി വാങ്ങാൻ വന്നയാൾ** : ''ഞാൻ സത്യം പറയാം. ഇതിന് എട്ടണയിൽ കൂടുതൽ ആരും നിങ്ങൾക്ക് നൽകില്ല.''

**കച്ചവടക്കാരൻ**: ''നിങ്ങൾക്ക് വേണമെങ്കിൽ വാങ്ങിയാൽ മതി. ദൈവത്തെയോർത്ത് പന്ത്രണ്ടണക്ക് നൽകാം.''

**തുണി വാങ്ങാൻ വന്നയാൾ**: ''ധർമ്മത്തിന്റെ പേരിൽ ഞാൻ പറയുകയാണ് നിങ്ങൾക്ക് തരാൻ പറ്റുമെങ്കിൽ തന്നാൽ മതി. അല്ലെങ്കിൽ പശ്ചാത്തപിക്കേണ്ടിവരും. ഒമ്പതണക്ക് തരാമെങ്കിൽ തന്നോളൂ. നിങ്ങളുടെ കടയൊന്നു മാത്രമല്ലല്ലോ ഇവിടെയുള്ളത്. അല്ലെങ്കിൽ ഞാൻ പോകുന്നു.'' (തുടരും)

**തേന ത്യക്തേന ഭുഞ്ജീഥാഃ (യജുർവ്വേദം 40.1)**

**ത്യാഗഭാവത്തോടെ സാംസാരിക സുഖങ്ങൾ അനുഭവിച്ചാലും !**







(മുൻലക്കത്തിന്റെ തുടർച്ച)

# ജീവിതം ഒരലയാഴി

ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി

"**അ**ന്തരീക്ഷത്തിൽ മിന്നാമിനുങ്ങുപോലെ മിന്നുന്ന നക്ഷത്രജാലം മാത്രം, നീല മേലാപ്പിൽ ഖചിത വൈരമണികളെന്നോണം. അവയുടെ മങ്ങിയ വെളിച്ചത്തിൽ നിഴൽപോലെ കാടും മേടും, വീടും തോടും പാടവും പറമ്പും മലയും പുഴയും മറ്റും ചേർന്ന വിശ്വപ്രകൃതി വണ്ടിയോടൊപ്പം പന്തയക്കുതിരകൾ പോലെ ഓടുന്നുണ്ടോ എന്നുതോന്നും കണ്ടാൽ. നക്ഷത്രക്കുഞ്ഞുങ്ങളും തള്ളക്കോഴിക്കൊപ്പം പായുന്ന പിഞ്ചു കുഞ്ഞുങ്ങളെന്നോണം കൂടെയുണ്ട്. അല്പനേരം കഴിഞ്ഞപ്പോൾ അർദ്ധനാരീശ്വരന്റെ അനന്തമജ്ഞാതമചിന്ത്യമായ സൃഷ്ടി നാടക പ്രദർശനാന്ത്യത്തിൽ നിത്യമഗ്ദ്ധസ്വരൂപിണിയായ പാർവ്വതീ സഹധർമ്മിണി സ്വന്തം മൂലസ്വരൂപമായ സൂക്ഷ്മാണുവിഭൂതിരൂപം പൂണ്ട് അനന്താന്തരീക്ഷത്തിൽ ശവാസനത്തിൽ ഇരുന്ന് ശയിക്കുന്നപോലെ, ഇരുന്നിരുന്ന ബെഞ്ചിന്മേൽ പാച്ചനു കഴിയും വിധം ചാഞ്ഞു മയങ്ങിപ്പോയി.

ബോംബെയിൽ നിന്നു പോരുമ്പോൾ രാമകൃഷ്ണൻ പറഞ്ഞതുപോലെ രാത്രി ഒരൊന്നരമണിയോളമായിട്ടുണ്ടാകുമെന്ന് തോന്നുന്നു, വണ്ടി പഴയ ഡൽഹിയിലെത്തി. പാച്ചൻ സാമാനങ്ങളുമെടുത്ത് പുറത്ത് കടന്ന് നാലുപാടും ഒന്ന് കണ്ണോടിച്ചു. സ്റ്റേഷന്റെ തെക്കുവശം ഒരു റോഡ്. ആ റോഡിന്നരുകിൽ ഒരു വിളക്കുംകാല് പ്രകാശിക്കുന്നുണ്ട്. അർദ്ധരാത്രിയായതുകൊണ്ടായിരിക്കും ആൾസഞ്ചാരവും, വാഹനഗതാഗതവും കുറവാണ്. എല്ലാവരും മയക്കത്തിലായിരിക്കാം. അതുകൊണ്ടാവാം ഈ ശാന്തത പാച്ചൻ ഊഹിച്ചു.

ആ വിളിക്കിൻ കാലിൽ ചാരി ഒരു അപചരിതൻ നില്ക്കുന്നത് പാച്ചൻ കണ്ടു. പോരുമ്പോൾ സൂചിപ്പിച്ച ധർമ്മശാലാന്വേഷണാർത്ഥം പാച്ചൻ ആ അപരിചിതനെ സമീപിച്ചു. ഗാന്ധിത്തൊപ്പിയും ജുബ്ബയും അയഞ്ഞ പൈജാമയുമാണ് അയാളുടെ വേഷം. അടുത്തുചെന്നു നോക്കി. ഉടുപ്പെല്ലാം ഖദറാണ്. ഖദറിനോട് വലിയ ഭക്തിയും ബഹുമാനവും കാണിച്ചിരുന്ന കാലം. കാരണം ഗാന്ധിജിയുടെ ദേശീയ പ്രസ്ഥാനത്തിന്റെ പ്രതീകമായിരുന്നു ഖദർ. ഖദറിട്ടവനെ ദേശസേവകനായാണ് അന്ന് ജനങ്ങൾ കണ്ടിരുന്നത്. അതിനാൽ ഖദർധാരിയെ കണ്ട് തൊഴുതു വണങ്ങി പാച്ചൻ. 'നമസ്തെ' എന്നു പറഞ്ഞു. പ്രഥമദൃഷ്ട്യാൽ തന്നെ മര്യാദക്കാരനാണെന്ന് തോന്നി പാച്ചന്. അടുത്തുവന്നു വണങ്ങി നിൽക്കുന്ന പാച്ചനെ ആദ്യം ഒന്നയാൾ സൂക്ഷിച്ചു നോക്കി. (തുടരും)

**യന്തി പ്രമാദമതന്ദ്രാഃ (സാമം 721)**

**ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു**

(മുൻ ലക്കത്തിന്റെ തുടർച്ച)



# യോഗദർശനം

## (മഹർഷി വ്യാസഭാഷ്യസഹിതം)

സ്വാമി സത്യപതി പരിവ്രാജക്
തർജ്ജമ : കെ. എം. രാജൻ

പരവൈരാഗ്യത്താൽ ചിത്തത്തിലെ സമസ്ത വൃത്തികളും നിരോധിക്കപ്പെടുകയും അസംപ്രജ്ഞാതസമാധിയുടെ സിദ്ധിയുണ്ടാവുകയും ചെയ്യുന്നു. അസംപ്രജ്ഞാതസമാധിക്ക് 'നിർബീജസമാധി' എന്നും പറയുന്നു. ഇത് ചിത്തത്തിന്റെ നിരുദ്ധാവസ്ഥയാണ്.

ഈ ചിത്തവൃത്തിനിരോധം രണ്ടു തരത്തിലുണ്ട്. ഒന്ന്- സംപ്രജ്ഞാതവും രണ്ടാമത്തേത് അസംപ്രജ്ഞാതവും. ചിത്തവൃത്തി നിരോധം = 'അസംപ്രജ്ഞാത സമാധി'യുടെ സിദ്ധിയുണ്ടാവുമ്പോൾ യോഗിക്കുണ്ടാവുന്ന സ്ഥിതിയെന്താണെന്ന് അടുത്ത സൂത്രത്തിൽ പറയുന്നു ॥ 2॥

അവതരണിക:- **തദവസ്ഥേ ചേതസി വിഷയാദാഭാവദ്**

**ബുദ്ധിബോധാത്മാ പുരുഷഃ കിം സ്വഭാവ?** ഇതി

അർത്ഥം - ചിത്തം നിരുദ്ധാവസ്ഥയിലായിരിക്കുമ്പോൾ വിഷയങ്ങളുടെ അഭാവത്താൽ ബുദ്ധി (ചിത്തം) (യോഗദർശനത്തിൽ ചിത്തത്തിന് മനസ്സ്, ബുദ്ധി എന്നീ ശബ്ദങ്ങളും പ്രയോഗിച്ചിട്ടുണ്ട്) യോട് സംവേദനം ചെയ്യുന്ന പുരുഷൻ ഏത് പ്രകാരത്തിലുള്ള സ്വാഭാവമുള്ളവനാകുന്നു (ഇത് താഴെ കൊടുക്കുന്ന സൂത്രത്തിൽ പറയുന്നു.)

**തദാ ദ്രഷ്ടുഃ സ്വരൂപേഽവസ്ഥാനമ് ॥3॥**

ശബ്ദാർത്ഥം :- (തദാ) അപ്പോൾ അസംപ്രജ്ഞാതസമാധി (നിരുദ്ധാവസ്ഥ)യിൽ (ദ്രഷ്ടുഃ) ജീവാത്മാവിന്റെയും പരമാത്മാവിന്റെയും (സ്വരൂപേ) സ്വരൂപത്തിൽ (അവസ്ഥാനമ്) അവസ്ഥിതിയുണ്ടാവുന്നു.

സൂത്രാർത്ഥം : അപ്പോൾ അസംപ്രജ്ഞാതസമാധിയിൽ ജീവാത്മവിന്റെയും പരമാത്മാവിന്റെയും സ്വരൂപത്തിൽ അവസ്ഥിതിയുണ്ടാവുന്നു. അതായത് ജീവാത്മാവ് തന്റെയും ഈശ്വരന്റെയും സ്വരൂപത്തെ ശരിക്കും മനസ്സിലാക്കുന്നു.

വ്യ.ഭാ. - സ്വരൂപ പ്രതിഷ്ഠാ തദാനീംചിതിശക്തിർയഥാ കൈവല്യേ॥3॥

വ്യാ.ഭാ.അ. :- ആ അസംപ്രജ്ഞാതയോഗത്തിന്റെ അവസ്ഥയിൽ പുരുഷൻ എങ്ങനെയാണോ കൈവല്യാവസ്ഥയിലിരിക്കുന്നത്, അതുപോലെ തന്റെ സ്വരൂപത്തിൽ പ്രതിഷ്ഠിതനാവുന്നു. ॥3॥ (തുടരും)

**ബൃഹദ് വദേമ വിവദേ സുവീരാഃ (യജുർവേദം 34.58)**
**ഞങ്ങൾ ശാസ്ത്രാർത്ഥങ്ങളെ നന്നായി വദിക്കും**





(മുൻലക്കത്തിന്റെ തുടർച്ച)



# അഷ്ടാധ്യായി പ്രവേശിക

ആചാര്യ ബൽദേവ് നൈഷ്ഠിക്
തർജ്ജമ : ബ്രഹ്മചാരി വിഷ്ണു ആര്യ

## അഷ്ടാധ്യായി പ്രവേശിക

**ചോദ്യം: ഏതിനെയാണ് പ്രത്യാഹാരം എന്നു വിളിക്കുന്നത്?**

**ഉത്തരം :** വർണ്ണം മുതലായവയുടെ സൂക്ഷ്മരൂപത്തിന്റെ പേരാണ് പ്രത്യാഹാരം. എങ്ങനെയെന്നാൽ 'അ, ഇ, ഉ, ഋ, ലൃ, എ, ഓ, ഐ, ഔ' എന്നീ സ്വര - വർണ്ണങ്ങളുടെ സംക്ഷിപ്തരൂപമാണ് അച്(പ്രത്യാഹാരം). ഇപ്രകാരം ഹല് പ്രത്യാഹാരം എന്നു പറയുകയാണെങ്കിൽ 'ക' വർണ്ണത്തിൽ തുടങ്ങി 'മ 'വർണ്ണം വരെയുള്ള സ്പർശ വ്യഞ്ജനങ്ങളും 'യ,ര, ല,വ' എന്നീ അന്തഃസ്ഥ വ്യഞ്ജനങ്ങളും, അതുപോലെ 'ശ, ഷ, സ, ഹ' എന്നീ ഊഷ്മ വ്യഞ്ജനങ്ങളും ചേർത്ത് 33 വ്യഞ്ജനവർണ്ണങ്ങൾ ഗ്രഹിക്കപ്പെടുന്നു. ഇപ്രകാരം അല് പ്രത്യാഹാരത്താൽ സമസ്ത സ്വരങ്ങളും അതുപോലെ വ്യഞ്ജനങ്ങളും ഗ്രഹിക്കപ്പെടുന്നു.

ഉദാഹരണമായി ആയിരക്കണക്കിന് മനുഷ്യരെ (സൈന്യം മുതലായവയിൽ) പെട്ടെന്ന് വിളിക്കുന്നതിനായി, ആദി-അന്ത്യത്താൽ സൂചന ചെയ്യാറുണ്ട് . ഇപ്രകാരം വർണ്ണങ്ങളുടെ പ്രത്യാഹാര വിധികൊണ്ട് സൂക്ഷ്മ രൂപം ഉണ്ടാക്കി പാണിനി മഹർഷി ഭാഷാവൈജ്ഞാനികരെ ആശ്ചര്യ ചരിതരാക്കിയിരിക്കുകയാണ്.

**സൂചന :** താഴെ നൽകുന്ന നാലു പ്രശ്നോത്തരങ്ങളെ ശ്രദ്ധയോടെ വായിക്കുക. പിന്നീട് ഇതേ വിഷയത്തിന്റെ പുനരവലോകനം ചെയ്യുന്നുണ്ട്. അപ്പോൾ കാര്യങ്ങൾ കൂടുതൽ സ്പഷടമാവുന്നതാണ്.

**ചോദ്യം1 : പ്രത്യാഹാരം നിർമ്മിക്കുന്നത് ഏത് പ്രകാരത്തിലാണ്?**

**ഉത്തരം : 'ആദിരന്ത്യേന സഹേതാ'** (അഷ്ടാധ്യായി. 1.1.70) അതായത് ആദ്യത്തെ വർണ്ണം അവസാനത്തെ '**ഇത്**' വർണ്ണത്തിന്റെ കൂടെ ചേർന്നാണ് പ്രത്യാഹാരം ഉണ്ടാക്കുന്നത്.

**ചോദ്യം 2 : 'ഇത്'എന്ന് വിളിക്കുന്നത് ഏതിനെയാണ്?**

**ഉത്തരം :** വ്യാകരണശാസ്ത്രത്തിൽ '**ഇത്**' എന്നത് വർണ്ണത്തിന്റെ ഒരു പേരാണ്. (തുടരും)

(തിരുത്ത് : 2019 നവംബർ ലക്കം 11-ാം പേജിൽ നൽകിയ '**വൃദ്ധിരാദൈച്**' എന്ന സൂത്രത്തിൽ അച്ചടിപ്പിശക് വന്നിട്ടുണ്ട്. '**വൃദ്ധിരാദൈച്**' എന്നാണ് വായിക്കേണ്ടത്. തെറ്റുപറ്റിയതിൽ ഖേദിക്കുന്നു. **പത്രാധിപർ)**

*ബ്രഹ്മൻ ത്വം ബ്രഹ്മസി (യജുർവേദം 10.28)*
*ഹേ ബ്രഹ്മൻ! നീ അറിവുള്ളവനാകുന്നു*

ഒരു ആര്യസമാജം പ്രസിദ്ധീകരണം
*Date of Publication 10/12/2019*

*RNI NO. KERMAL /2013/53849*
*REGISTERED NO. OTTAPALAM/5/2017-19*

**ആര്യസമാജ പ്രസിദ്ധീകരണങ്ങൾ (സ്റ്റോക്ക് ഉള്ളത്)**

1. സത്യാർത്ഥപ്രകാശം (മലയാളം പരിഭാഷ)
   മഹർഷി ദയാനന്ദസരസ്വതി. സമ്പാദകൻ: കെ.എം. രാജൻ -Rs.250.00.
2. സന്ധ്യോപാസനയും അഗ്നിഹോത്രവും
   മഹർഷി ദയാനന്ദസരസ്വതി. സമാഹരണം: കെ.എം. രാജൻ - Rs.60.00
3. വൈദിക ധർമ്മ ആര്യസമാജ പ്രശ്നോത്തരി
   പണ്ഡിറ്റ് ധർമ്മദേവ് വിദ്യാവാചസ്പതി.
   തർജ്ജമ : കെ.എം.രാജൻ - Rs. 40.00
4. ആര്യസമാജം എന്ത്? എന്തിന്? - ലത രാജൻ - Rs. 10.00
5. സത്യാർത്ഥ പ്രകാശം എന്ത്? എന്തിന്? - കെ.എം.രാജൻ - Rs. 10.00
6. വൈദിക നിത്യകർമ്മവിധി - കെ.എം.രാജൻ - Rs. 20.00
7. വേദാന്തിധ്വാന്ത നിവാരണം - Rs. 25.00
   മഹർഷിദയാനന്ദ സരസ്വതി. തർജ്ജമ : കെ.എം.രാജൻ
8. പൂനാ പ്രവചനം (ഉപദേശമഞ്ജരി) - Rs. 200.00
   മഹർഷി ദയാനന്ദ സരസ്വതി. തർജ്ജമ. കെ.എം.രാജൻ
9. ആര്യോദ്ദേശ്യ രത്നമാല - Rs. 25.00
   മഹർഷി ദയാനന്ദ സരസ്വതി. തർജ്ജമ. കെ.എം.രാജൻ
10. സംശയനിവാരിണി -Rs. 200.00
    ശ്രീ.മദൻ രഹേജ തർജ്ജമ : കെ.എം.രാജൻ
11. വേദ പ്രകാശം പാഠാവലി -കെ.എം.രാജൻ - Rs. 40.00
12. മഹർഷി ദയാനന്ദ സരസ്വതി (ജീവചരിത്രം) -കെ.എം.രാജൻ - Rs. 60.00
13. ശത്രുവോ? മിത്രമോ? - കെ.എം.രാജൻ - Rs. 35.00
14. ശിവസങ്കല്പം - കെ.എം.രാജൻ - Rs. 30.00
15. ആര്യസമാജത്തിന്റെ നിയമങ്ങളും ലക്ഷ്യവും - കെ.എം.രാജൻ - Rs. 40.00
16. വൈദിക ഈശ്വരൻ - കെ.എം.രാജൻ - Rs. 35.00
17. കാലാ പഹാഡ് അഥവാ കാലാചന്ദ് റായ് - കെ.എം.രാജൻ - Rs. 60.00
18. 1921 മാപ്പിള ലഹള -ദിവാൻ ബഹാദൂർ സി.ഗോപാലൻനായർ - Rs. 250.00

**(പോസ്റ്റേജ് ചെലവ് പുറമെ)**

**അച്ചടിയിലുള്ളവ**

1. ദ്രൗപദിയും പഞ്ചപതികളും - അമർസ്വാമി സരസ്വതി, തർജ്ജമ : കെ.എം.രാജൻ
2. യോഗദർശനം
   (മഹർഷി വ്യാസഭാഷ്യസഹിതം) - സ്വാമി സത്യപതി പരിവ്രാജക്
   തർജ്ജമ. കെ.എം.രാജൻ
3. വേദങ്ങളെ അറിയുക - ഡോ.വിവേക് ആര്യ, തർജ്ജമ : കെ.എം.രാജൻ
4. അമരബലിദാനി പണ്ഡിറ്റ് ലേഖ്റാം - കെ.എം.രാജൻ
5. പുരാണങ്ങൾ സത്യവും മിഥ്യയും - കെ.എം.രാജൻ

Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan, Vellinezhi (P.O) Palakkad-679 504. Printed at Mudra Printers, Cherpulassery. and Published from Arya Samajam, Pandit Lekh Ram Smrithi Bhavan, Vellinezhi (P.O), Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan

**Email: dayanandasandesam@gmail.com Phone: 7907077891, 9562529095**



ओ३म्



# ദയാനന്ദ സന്ദേശം

**ആര്യസമാജത്തിന്റെ മുഖപത്രം**

## വൈദിക – ദാർശനിക മാസിക

## DAYANANDA SANDESAM

ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!


പുസ്തകം : 9 ലക്കം : 6

സൃഷ്ടി സംവത്സരം 1972949121 കലിവർഷം 5121 വൈദിക സൗരമാസം : സഹസ്യ - തപസ്
ചാന്ദ്രമാസം : മാർഗ്ഗ ശീർഷം - പൗഷം കൊല്ലവർഷം 1195 ധനു - മകരം 2019 ഡിസംബർ

വാർഷിക വരിസംഖ്യ : ₹ 100/- ദീർഘകാലം : ₹ 1500/-


ഭായ് പരമാനന്ദ്


രാംപ്രസാദ് ബിസ്മിൽ


സ്വാമി ശ്രദ്ധാനന്ദ്


അഷഫാഖുള്ളാഖാൻ


രാജേന്ദ്ര ലാഹിരി

**ഭാരത ചരിത്രത്തിൽ ഈ മാസം ഓർത്തിരിക്കേണ്ട പ്രധാന ദിനങ്ങൾ**

| | |
|---|---|
| ഡിസംബർ 4 | : ഭായ് പരമാനന്ദ് നിർവ്വാണദിനം |
| ഡിസംബർ 17 | : രാജേന്ദ്ര ലാഹിരി രക്തസാക്ഷിദിനം |
| ഡിസംബർ 19 | : രാംപ്രസാദ് ബിസ്മിൽ, അഷഫാഖുള്ളാഖാൻ, രോഷൻസിങ്ങ് എന്നിവരുടെ രക്തസാക്ഷിദിനം |
| ഡിസംബർ 23 | : സ്വാമി ശ്രദ്ധാനന്ദ് രക്തസാക്ഷിദിനം |

"മാനവരെല്ലാം ആര്യന്മാർ!
വേദജ്ഞാനം ഈശ്വരദത്തം!
സേവനമല്ലോ നമ്മുടെ ധർമ്മം! "